# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1632 | 12.06.2019-ൽ മറുപടിയ്ക്ക് |
|---|---|
| **കാലവർഷത്തിനു മുന്നോടിയായുള്ള ശുചീകരണ പ്രവർത്തനങ്ങൾ** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.പി. ഉണ്ണി | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി |
| (എ) കാലവർഷത്തിനു മുന്നോടിയായുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ വർഷം എന്തു തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) ഗ്രാമപഞ്ചായത്തുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ കേരളം (റൂറൽ) ശീർഷകത്തിൽ 1597 ലക്ഷം രൂപയുടെയും, ശുചിത്വകേരളം (അർബൻ) ശീർഷകത്തിൽ നഗരസഭകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 395 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.<br>02.05.2019 തീയതിയിലെ 100/ഡിസി1/2019/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 2019-ലെ ആരോഗ്യജാഗ്രതാ- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങള "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം" എന്ന പേരിൽ ക്യാമ്പയിനായി നടപ്പിലാക്കുന്നതിനാണ് നിർദ്ദേശം നല്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി മാലിന്യ സംസ്കരണ - ശുചീകരണ പ്രവർത്തനങ്ങളും കൊതുക് നിവാരണ പ്രവർത്തനങ്ങളും നടന്ന് വരുന്നു.<br>ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, കില, കുടുംബശ്രീ, ആരോഗ്യ വകുപ്പ് എന്നിവരുടെ സംയുക്ത നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, കുട്ടികൾ മുഖേന സമൂഹത്തിൽ ശുചിത്വ സംസ്കാരം രൂപപ്പെടുത്തുന്നതിനുമായി "പെൻസിൽ" എന്ന പേരിൽ സ്റ്റുഡന്റ്സ് ക്യാമ്പയിൻ (കുട്ടികളുടെ അവധിക്കാല ശുചിത്വ ക്യാമ്പ്) നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) മഴക്കാലത്തെ പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ആരോഗ്യവകുപ്പുമായി ചേർന്ന് സ്വീകരിച്ച മുൻകരുതൽ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) മഴക്കാലത്തെ പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ആരോഗ്യവകുപ്പുമായി ചേർന്ന് സ്വീകരിച്ച മുൻകരുതൽ നടപടികൾ ചുവടെ ചേർക്കുന്നു.<br>• മഴക്കാലത്തെ പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പും, ആരോഗ്യവകുപ്പും ചേർന്ന് ആരോഗ്യ ജാഗ്രതാ ഗൃഹസന്ദർശനം<br>• രോഗ പ്രതിരോധ അവസ്ഥാ നിർണ്ണയം |

| | | | |
|---|---|---|---|
| | | | • മാർക്കറ്റുകൾ, സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവ ശുചീകരിച്ച് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ<br>• വാർഡ്തല ആരോഗ്യ ജാഗ്രതാ ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൾ ഗാർഹിക/ സ്ഥാപന/പൊതു തലങ്ങളിൽ നടപ്പിലാക്കൽ<br>• എല്ലാ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലും ആരോഗ്യ ജാഗ്രതാ പാലനം വിലയിരുത്തൽ<br>• ആരോഗ്യ ജാഗ്രത ബോധവൽക്കരണ പ്രവർത്തനങ്ങൾ<br>• സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലും, ഉത്സവങ്ങളിലും, പൊതുപരിപാടികളിലും, ഭവനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ<br>• മാർക്കറ്റുകൾ, വ്യാപാര സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയവയിൽ പ്രത്യേക ഇടപെടലുകൾ<br>• കഴിഞ്ഞ കാലങ്ങളിൽ ഡെങ്കി/മലമ്പനി ബാധിത പ്രദേശങ്ങളിൽ/കൊതുക് സാന്ദ്രത കൂടിയ സ്ഥലങ്ങൾ/മറ്റ്സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കൊതുകുകൾ പെരുകുന്നതിന് എതിരെ പ്രത്യേകം ഇടപെടലുകൾ<br>• ജലക്ഷാമമുള്ള സ്ഥലങ്ങളിൽ ജലം സുരക്ഷിതമായി അടച്ചു വയ്ക്കുവാനും മറ്റുമുള്ള നിർദ്ദേശം നൽകൽ |

സെക്ഷൻ ഓഫീസർ